Malappuram District Police

**04.09.2017 കൊണ്ടോട്ടി**

13 വർഷം മുമ്പ് പി.കെ. കുഞ്ഞാലിക്കുട്ടിക്ക് സ്വീകരണം നൽകുന്നതിനിടെ കരിപ്പൂരിൽ മാധ്യമപ്രവർത്തകരെ ആക്രമിച്ച കേസിലെ 23-ാം പ്രതി പിടിയിൽ. കണ്ണൂർ കൂര്യാട് പൊട്ടേരി വീട്ടിൽ കുഞ്ഞിമുഹമ്മദി(56)നെയാണ് കൊണ്ടോട്ടി പോലീസ് പിടികൂടിയത്. 2004-ലാണ് കേസിനാസ്പദമായ സംഭവം. കരിപ്പൂരിൽ ഒരു രാഷ്ട്രീയ നേതാവിന് സ്വീകരണം നൽകുന്നതിനിടെയാണ് മാധ്യമപ്രവർത്തകർക്ക് നേരെ ആക്രമണം ഉണ്ടായത്. പ്രതി കേസിൽ ജാമ്യത്തിൽ ഇറങ്ങി മുങ്ങിയതായതിനെ തുടർന്ന് മഞ്ചേരി സെഷൻസ് കോടതി ഇയാളെ പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിച്ചിരുന്നു. രഹസ്യവിവരം ലഭിച്ചതിനെത്തുടർന്ന് കണ്ണൂരിലെത്തിയാണ് പ്രതിയെ പിടികൂടിയത്. എസ്.ഐ. ആർ. രഞ്ജിത്, ജയപ്രസാദ്, ഷിബു, സത്താർ, ജോഷി, തുളസി എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്.